LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യസമര പെൻഷൻ ലഭിക്കുന്ന ഐ.എൻ.എ. ഭടൻമാർ

109 [112] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കേരളത്തിൽ എത്ര ഐ.എൻ.എ. ഭടന്മാർക്ക് പെൻഷൻ നൽകിവരുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഈ വർഷം എത്രപേരുടെ അപേക്ഷ ലഭിച്ചു;

(സി) ആരൊക്കെയാണ് അപേക്ഷിച്ചിരുന്നത്; അപേക്ഷിച്ചവരുടെ പേരും മേൽവിലാസവും വെളിപ്പെടുത്തുമോ;

(ഡി) അതിൽ എത്ര പേർക്ക് സ്വാതന്ത്ര്യസമര പെൻഷൻ അനുവദിച്ചു; അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഇ) നിരസിച്ചവരുടെ പേരുവിവരം വ്യക്തമാക്കാമോ;

(എഫ്) അർഹതപ്പെട്ട ആർക്കെങ്കിലും പെൻഷൻ നിഷേധിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ—ജി) വിവരം ശേഖരിച്ചുവരുന്നു.

വീരമൃത്യു വരിച്ചവരുടെ ആശ്രിതർക്ക് നിയമനം

110 [113] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് നിന്നും കേന്ദ്ര പ്രതിരോധ സർവ്വീസിൽ സേവനമനുഷ്ഠിച്ചിരുന്ന എത്ര ജവാൻമാർ മരണപ്പെട്ടിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവരുടെ കുടുംബങ്ങൾക്ക് കേന്ദ്രസഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തരാക്കാമോ; എത്ര പേർക്ക് സഹായം ലഭിക്കാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തു സഹായമാണ് നൽകിയത്; എത്ര പേർക്ക് നൽകാനുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇവരുടെ ആശ്രിതർക്ക് സംസ്ഥാന സർവ്വീസിൽ തൊഴിൽ നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇവർക്ക് സംസ്ഥാന സർവ്വീസിൽ തൊഴിൽ നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

109-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

ഉത്തരം

(എ) ലഭ്യമായ വിവരം അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയാളികളായ 77 ജവാൻമാർ സർവ്വീസിൽ സേവനം അനുഷ്ഠിച്ചിരുന്നപ്പോൾ മരണപ്പെട്ടിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	16
കൊല്ലം	..	10
പത്തനംതിട്ട	..	5
കോട്ടയം	..	2
ഇടുക്കി	..	2
ആലപ്പുഴ	..	14
എറണാകുളം	..	2
തൃശ്ശൂർ	..	1
പാലക്കാട്	..	5
മലപ്പുറം	..	1
കോഴിക്കോട്	..	9
വയനാട്	..	1
കണ്ണൂർ	..	6
കാസർകോട്	..	3

(ബി) ഇവരുടെ കുടുംബങ്ങൾക്ക് കേന്ദ്രസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച വിശദവിവരങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

(സി) യുദ്ധത്തിലും യുദ്ധസമാന സാഹചര്യങ്ങളിലും മരണമടഞ്ഞ ജവാൻമാരുടെ ആശ്രിതർക്ക് 29-6-1999-ലെ സർക്കാർ ഉത്തരവ് ജി.ഒ. (പി) 450/99/പൊ.ഭ.വ., 15-11-2001-ലെ ജി.ഒ. (എം.എസ്) 434/01/പൊ.ഭ.വ., 12-12-2001-ലെ ജി.ഒ. (എം.എസ്) 459/01/പൊ.ഭ.വ. ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നും 2 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും ഒരു കുടുംബത്തിന് സ്വന്തമായി ഭവന നിർമ്മാണത്തിന് അൻപതിനായിരം രൂപയും അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഇനങ്ങളിൽ സാമ്പത്തിക സഹായം നൽകിയതും ഇനി തീർപ്പു കൽപ്പിക്കാനുള്ളതുമായ അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

കൂടാതെ 29-4-2002-ലെ ജി.ഒ. (പി) 110/02/പൊ.ഭ.വ. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന സർക്കാർ സർവ്വീസിൽ അർഹരായ ആശ്രിതർക്ക് വിവിധ വകുപ്പുകളിൽ ക്ലാസ്സ് III, IV തസ്തികകളിൽ നിയമനവും നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം (2)-ൽ ചേർത്തിരിക്കുന്നു. †

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മരണമടഞ്ഞ 77 ജവാൻമാരുടെ ആശ്രിതരായ 14 പേർ ഉൾപ്പെടെ മൊത്തം 39 ജവാൻമാരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ തൊഴിൽ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (3)-ൽ ചേർത്തിരിക്കുന്നു. സർക്കാരിന്റെ പരിഗണനയിലുള്ള അപേക്ഷകളിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. †

പ്രതിമകൾ സ്ഥാപിക്കാൻ നടപടി

111 [114] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രപിതാവിന്റെയും പ്രഥമ പ്രധാനമന്ത്രി ജവഹർലാൽനെഹ്രുവിന്റെയും ഭരണഘടന ശില്പി ഡോ. അംബേദ്ക്കറുടെയും പ്രതിമകൾ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആവശ്യത്തിനായി ശില്പികളെ നിശ്ചയിച്ചത് ആരായിരുന്നു എന്ന് അറിയിക്കാമോ;

(സി) പ്രതിമകൾ നിർമ്മിക്കുന്നതിനായി സമർപ്പിച്ച കേരളത്തിലെ ശില്പികളുടെ ഓഫറുകൾ ഒഴിവാക്കപ്പെട്ട പശ്ചാത്തലം അറിയിക്കാമോ;

(ഡി) പ്രതിമ നിർമ്മാണത്തിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) പ്രതിമകൾ എന്നേക്ക് നിർമ്മാണം പൂർത്തിയാക്കുമെന്നാണ് കരുതപ്പെടുന്നത്;

(എഫ്) പ്രതിമ സ്ഥാപനത്തിന് സ്ഥലം അനുവദിച്ച് കിട്ടിയിട്ടുണ്ടോ;

(ജി) പ്രതിമാ സ്ഥാപനം കഴിയുംവേഗം പൂർത്തിയാക്കുന്നതിനായി പ്രത്യേക സംവിധാനം ഔദ്യോഗികമായി ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ദേശീയ നേതാക്കളായ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്രു, ബി. ആർ. അംബേദ്ക്കർ എന്നിവരുടെ പ്രതിമകൾ കേരള നിയമസഭാ മന്ദിരത്തിനു മുന്നിൽ സ്ഥാപിക്കുന്നതിനുള്ള കരാറുകൾ ഇതിനകം നൽകി കഴിഞ്ഞു. മഹാത്മാഗാന്ധിയുടെ പ്രതിമയുടെ ശില്പി ചെന്നൈ സ്വദേശിയായ ശ്രീ. മോഹൻദാസും, ജവഹർലാൽ നെഹ്രു, ബി. ആർ. അംബേദ്ക്കർ എന്നിവരുടെ പ്രതിമകൾ നിർമ്മിക്കുന്ന ശില്പി ചെന്നൈ സ്വദേശിയായ ശ്രീ. കിഷോർ ജെ. നാഗപ്പയും ആണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly